(ബി&സി) പട്ടികവർഗ്ഗ വികസന/പട്ടികജാതി വികസന വകുപ്പിലും ഈ വർഷം ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുക കഴിഞ്ഞ സാമ്പത്തിക വർഷം ഏറ്റെടുത്ത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി വിനിയോഗിക്കുന്നതിനാൽ ഈ വർഷം പുതിയ വീടുകൾ അനുവദിച്ചിട്ടില്ല.

(ഡി) ഉണ്ട്. 12-11-2002-ലെ സർക്കാർ ഉത്തരവ് (സാധാരണ) നം. 735/02/പജ.പവ.വി.വ. പ്രകാരം പട്ടികജാതിക്കാർക്ക് 35,000 രൂപയിൽ നിന്ന് 70,000 രൂപയായും 20-3-2003-ലെ സർക്കാർ ഉത്തരവ് (സാധാരണ) നം. 261/03/പജ.പവ. വി.വ. പ്രകാരം പട്ടികവർഗ്ഗക്കാർക്കും ഭവന നിർമ്മാണ ഗ്രാന്റ് 70,000 രൂപയായും ദുർഘട പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് 75,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സ്ഥലം വാങ്ങുന്നതിനുള്ള ധനസഹായം

111 (4719) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്നവർക്ക് വീട് വയ്ക്കുവാനുള്ള സ്ഥലം വാങ്ങുന്നതിനും കൃഷിക്കുള്ള സ്ഥലം വാങ്ങുന്നതിനും ധനസഹായം അനുവദിക്കാറുണ്ടോ ;

(ബി) എങ്കിൽ ഓരോ വിഭാഗത്തിലുംപെട്ട ഓരോരുത്തർക്കും എന്തു തുക വീതമാണ് അനുവദിക്കുന്നത് എന്നും നടപ്പുവർഷം ഓരോ വിഭാഗത്തിലുംപെട്ട എത്രപേർക്ക് വീതം ഈ ആനുകൂല്യം നല്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ;

(സി) ഇതുവരെ ഈ ഇനത്തിൽ ഓരോ വിഭാഗത്തിലും എത്രപേർക്ക് വീതം ധനസഹായം നല്കി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും വീട് വയ്ക്കാനുള്ള സ്ഥലം വാങ്ങുന്നതിന് ധനസഹായം അനുവദിക്കാറുണ്ട്. കൃഷിസ്ഥലം വാങ്ങുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ ധനസഹായം അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികജാതി വികസന വകുപ്പിൽ നിന്നും വീട് വയ്ക്കുവാനുള്ള സ്ഥലം വാങ്ങുന്നതിന് ഗ്രാമപ്രദേശങ്ങളിൽ 19500 രൂപ ക്രമത്തിലും നഗരപ്രദേശങ്ങളിൽ 20000 രൂപ നിരക്കിലും കോർപ്പറേഷൻ പ്രദേശങ്ങളിൽ 25000 രൂപ നിരക്കിലും തുക അനുവദിച്ചു വരുന്നു. നടപ്പു സാമ്പത്തിക വർഷം എന്തുതുക നല്കുമെന്നത് തീരുമാനിച്ചിട്ടില്ല. പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനിൽ നിന്നും അനുവദിച്ച തുകയുടെ വിവരങ്ങൾ ശേഖരിച്ചു നല്കുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിന് 19500 രൂപയും ഏറ്റവും പിന്നോക്കം നില്ക്കുന്ന ദുർബല വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് 32500 രൂപയും നല്കുന്നുണ്ട്. നടപ്പുവർഷത്തെ ബഡ്ജറ്റിൽ 1.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിൽനിന്നും 2002-03-ൽ വീട് വയ്ക്കാനുള്ള സ്ഥലം വാങ്ങിയവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	339
കൊല്ലം	-	246
പത്തനംതിട്ട	-	238
ആലപ്പുഴ	-	184
കോട്ടയം	-	431
ഇടുക്കി	-	305
എറണാകുളം	-	315
തൃശ്ശൂർ	-	169
പാലക്കാട്	-	340
മലപ്പുറം	-	320
കോഴിക്കോട്	-	221
വയനാട്	-	97
കണ്ണൂർ	-	303
കാസർഗോഡ്	-	507
ആകെ		4015

സാമ്പത്തിക വർഷത്തിന്റെ തുടക്കമായതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ വിവരങ്ങൾ ശേഖരിച്ചിട്ടില്ലാത്തതിനാൽ കണക്ക് ലഭ്യമല്ല. എസ്.സി/എസ്.റ്റി കോർപ്പറേഷനിൽ നിന്നു അനുവദിച്ച തുകയെ സംബന്ധിച്ച വിവരം ശേഖരിച്ചു നല്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly